# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

## നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*264 19.02.2016 ൽ മറുപടിക്ക്

## പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)<br>,, എളമരം കരീം<br>,, പി. കെ. ഗുരുദാസൻ<br>,, പി. ടി. എ. റഹീം | ശ്രീ വി കെ ഇബ്രാഹീം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |

എ) മുഖ്യമന്ത്രിയുടെ പ്രഖ്യാപനപ്രകാരം പൊതുമരാമത്ത് വകുപ്പ് രൂപം നൽകിയ പദ്ധതികൾ ഏതെല്ലാം; ഇവ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

ബി) വൻകിട മേൽപാലങ്ങൾ ഉൾപ്പെടുന്ന ജില്ലാ റോഡ് പദ്ധതിയിൽ ഏതെല്ലാം പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; പ്രസ്തുത പ്രവൃത്തികൾക്കുള്ള ഫണ്ട് കണ്ടെത്തിയിട്ടുണ്ടോ; ഫണ്ടിന്റെ സ്രോതസ്സ് വ്യക്തമാക്കുമോ; ഇതിനായി കേന്ദ്ര സഹായം ലഭ്യമാണോ;

സി) ഇത് സംബന്ധിച്ച ഫയൽ ധനകാര്യ വകുപ്പിന് അയച്ചിട്ടുണ്ടോ; പ്രസ്തുത വകുപ്പിന്റെ അഭിപ്രായം വിശദമാക്കാമോ;

എ) ബി) & സി) ഡിസ്ട്രിക്ട് ഫ്ളാഗ്ഷിപ് ഇൻഫ്രാസ്ട്രക്ച്വർ പ്രോജക്ട് (ഉഎകജ), 'സ്പീഡ് കേരള' പരിപാടി എന്നിവ മുഖ്യമന്ത്രിയുടെ പ്രഖ്യാപന പ്രകാരം പൊതുമരാമത്ത്വകുപ്പ് രൂപം നൽകിയ പദ്ധതികളാണ്.

കേരളത്തിന്റെ അടിസ്ഥാന സൗകര്യ വികസനം ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി ഓരോ ജില്ലയിലും ഒരു മെഗാപ്രോജക്ട് നടപ്പിലാക്കുക എന്ന ഉദ്ദേശത്തോടുകൂടി രൂപീകരിച്ചിട്ടുള്ള പദ്ധതിയാണ് ഡിസ്ട്രിക്ട് ഫ്ളാഗ്ഷിപ് ഇൻഫ്രാസ്ട്രക്ച്വർ പ്രോജക്ട്. 10.06.2015ലെ സർക്കാർ ഉത്തരവ് (സധാ) നം.801/2015/പൊമവ പ്രകാരം പ്രസ്തുത പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തിയുടെ വിശദാംശങ്ങൾ **അനുബന്ധം** 1 ആയി ചേർത്തിരിക്കുന്നു.

ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 10 പ്രവൃത്തികൾ 2016-17 സാമ്പത്തിക വർഷത്തിൽ തന്നെ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ചു വരുന്നു. പ്രസ്തുത 10 പ്രവൃത്തികളുടെ വിശദാംശങ്ങൾ **അനുബന്ധം** 2 ആയി ചേർത്തിരിക്കുന്നു.

സംസ്ഥാനത്ത് വില്ക്കപ്പെടുന്ന ഡീസലിന്റെയും, പെട്രോളിന്റെയും മേൽ 1 രൂപാ ക്രമത്തിൽ ചുമത്തിയിട്ടുള്ള അധിക വില്പന നികുതിയിനത്തിൽ പിരിച്ചെടുക്കുന്ന തുകയുടെ 50% ആണ് ഈ പദ്ധതി നടപ്പിലാക്കുന്നതിനായി നീക്കിവച്ചിട്ടുള്ളത്..

**'സ്പീഡ് കേരള'** പരിപാടിയിൽ ഉൾപ്പെടുന്ന കോഴിക്കോട് ദേശീയ പാത ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി. സ്പീഡ് കേരള പരിപാടിയിൽ ഉൾപ്പെടുന്ന പാലാരിവട്ടം ഫ്ളൈ ഓവർ, രാമപുരം- നാലമ്പലം ദർശനം റോഡ്, കഞ്ഞിക്കുഴി-വെട്ടത്തുകവല - കറുകച്ചാൽ റോഡ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു.

DFIP യിൽ ഉൾപ്പെടുന്ന 4 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്ന കാര്യം ധനകാര്യ വകുപ്പ് സമ്മതിച്ചിട്ടുണ്ട്. അതിൽ വൈറ്റില, കുണ്ടന്നൂർ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിന് ധനകാര്യ വകുപ്പ് നിബന്ധനകളില്ലാതെ അംഗീകാരം നൽകിയിട്ടുണ്ട്. തൊണ്ടയാട്, രാമനാട്ടുകര മേൽപ്പാലങ്ങളുടെ നിർമ്മാണത്തിനുള്ള ഭരണാനുമതിക്ക് നിബന്ധനകളോട്ടുകൂടിയ അംഗീകാരവും ധനകാര്യ വകുപ്പ് നൽകിയിട്ടുണ്ട്. പ്രസ്തുത നിബന്ധനകൾ **അനുബന്ധം** 3 ആയി ചേർത്തിരിക്കുന്നു.

| | | | |
|---|---|---|---|
| ഡി) | നിർമ്മാണ പ്രവൃത്തികൾക്ക് ആവശ്യമായ തുക വകയിരുത്താതെ പദ്ധതികൾ പ്രഖ്യാപിക്കുന്ന പ്രവണത പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ? | ഡി) | നിർമ്മാണ പ്രവൃത്തികൾക്ക് ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിരുന്നതുകൊണ്ട് പദ്ധതി നടത്തിപ്പിനെ പ്രതികൂലമായി ബാധിക്കുമെന്ന് കരുതുന്നില്ല |

സെക്ഷൻ ഓഫീസർ

അനുബന്ധം I

## ഡിസ്ട്രിക്ട് ഫ്ളാഗ്ഷിപ് ഇൻഫ്രാസ്ട്രക്ച്ചർ പ്രോജക്ടുകൾ

| ക്രമ നമ്പർ | ജില്ല | പ്രോജക്ട് | വിശദമായ പ്രോജക്ട് റിപ്പോർട്ട് പ്രകാരമുള്ള അടങ്കൽ തുക | പ്രോജക്ട് നടപ്പാക്കുന്ന ഏജൻസി |
|---|---|---|---|---|
| 1. | തിരുവനന്തപുരം | കരമന - കളിയിക്കാവിള റോഡിന്റെ ആദ്യ ഘട്ടത്തിന്റെ രണ്ടാം റീച്ച് - പ്രാവച്ചമ്പലം - വഴിമുക്ക് (6.5 കി.മീ.) നാലു വരിപ്പാതയായി വികസിപ്പിക്കൽ | 176 കോടി | പി.ഡബ്ല്യു.ഡി എൻ.എച്ച് |
| 2. | കൊല്ലം | ചവറ കെ.എം.എം.എൽ ജംഗ്ഷൻ - കുറ്റിവട്ടം - അരിനല്ലൂർ - പടപ്പനാൽ - കാരാളിമുക്ക് - കടപുഴ - കുണ്ടറ - ഐ.ടി. പാർക്ക് - കൊട്ടിയം റോഡ് പുനരുദ്ധാരണം (32കി.മീ.) | 50 കോടി | പി.ഡബ്ല്യു.ഡി റോഡ്സ് |
| 3. | ആലപ്പുഴ | കായംകുളം കായലിന് കുറുകെ ആലപ്പുഴ - കൊല്ലം ജില്ലകളെ ബന്ധിപ്പിക്കുന്ന വലിയ അഴീക്കൽ പാലം നിർമ്മാണം (840 മീറ്റർ) | 146.50 കോടി | പി.ഡബ്ല്യു.ഡി റോഡ്സ് |
| 4. | കോട്ടയം | കോടിമത - മണർക്കാട് ബൈപ്പാസ് റോഡ് ഒന്നാം ഘട്ടം | 145 കോടി | പി.ഡബ്ല്യു.ഡി റോഡ്സ് |
| 5. | ഇടുക്കി | കുരുതിക്കളം - വെള്ളിയാമറ്റം - തൊടുപുഴ - ഞാറുകുറ്റി - വണ്ണപ്പുറം - ചെറുതോണി റോഡ് | 124 കോടി | പി.ഡബ്ല്യു.ഡി റോഡ്സ് |
| 6. | എറണാകുളം | വൈറ്റില ഫ്ളൈഓവർ | 90 കോടി | പി.ഡബ്ല്യു.ഡി എൻ.എച്ച് |
| 7. | | കുണ്ടന്നൂർ ഫ്ളൈഓവർ | 85 കോടി | പി.ഡബ്ല്യു.ഡി എൻ.എച്ച് |
| 8. | | പുല്ലേപ്പടി - തമ്മനം - എൻ.എച്ച്. ബൈപ്പാസ് 3.245 കി.മീ. | വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭ്യമല്ല | പി.ഡബ്ല്യു.ഡി റോഡ്സ് |
| 9. | പാലക്കാട് | പാലക്കാട് ലിങ്ക് ബൈപ്പാസുകൾ | 14.10 കോടി | പി.ഡബ്ല്യു.ഡി റോഡ്സ് |
| 10. | | കുറ്റിപ്പുറം എഞ്ചിനീയറിംഗ് കോളേജ് - ഷൊർണ്ണൂർ റോഡ് (പട്ടാമ്പി പാലം ഉൾപ്പടെ) | 87 കോടി | പി.ഡബ്ല്യു.ഡി റോഡ്സ് |

| | | | | |
|---|---|---|---|---|
| 11. | മലപ്പുറം | നാടുകാണി - വഴിക്കടവ് - നിലമ്പൂർ - എടവണ്ണ - മഞ്ചേരി - മലപ്പുറം - വേങ്ങര - തിരൂരങ്ങാടി - പരപ്പനങ്ങാടി | 450 കോടി | പി.ഡബ്ല്യു.ഡി റോഡ്സ് |
| 12. | കോഴിക്കോട് | മാനാഞ്ചിറ - വെള്ളിമാടുകുന്ന് റോഡ് നാലുവരി വികസനം - 8.4 കി.മീ. | 412.38 കോടി | കെ.ആർ.എഫ്.ബി. |
| 13. | | തൊണ്ടയാട് ഫ്ളൈഓവർ | 59 കോടി | പി.ഡബ്ല്യു.ഡി എൻ.എച്ച് |
| 14. | | രാമനാട്ടുകര ഫ്ളൈഓവർ | 85 കോടി | പി.ഡബ്ല്യു.ഡി എൻ.എച്ച് |
| 15. | കണ്ണൂർ | മലയോര ഹൈവേ (ചെറുപുഴ - പയ്യാവൂർ 46.25 കി.മീ.) | 237.20 കോടി | പി.ഡബ്ല്യു.ഡി എൻ.എച്ച് |
| 16. | കാസറഗോഡ് | മലയോര ഹൈവേ (നന്ദാരപടവ് - ചെറുപുഴ 33 കി.മീ.) | 135.70 കോടി | പി.ഡബ്ല്യു.ഡി റോഡ്സ് |
| 17. | പത്തനംതിട്ട | ഏനാത്ത് - ഏലംകുളം - ചന്ദനപ്പള്ളി - വള്ളിക്കോട് - വകയാർ - കോന്നി - തണ്ണിത്തോട് - ചിറ്റാർ - ആനമുഴി - പ്ലാപ്പള്ളി (75 കി.മീ.) | വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭ്യമല്ല | പി.ഡബ്ല്യു.ഡി റോഡ്സ് |
| 18. | തൃശ്ശൂർ | പടിഞ്ഞാറേക്കോട്ട ഫ്ളൈ ഓവർ | വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭ്യമല്ല | പി.ഡബ്ല്യു.ഡി റോഡ്സ് |
| 19. | | ചൂണ്ടൽ - ഗുരുവായൂർ - ചാവക്കാട് (11.5 കി.മീ.) നാലുവരി റോഡ് വികസനം | വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭ്യമല്ല | പി.ഡബ്ല്യു.ഡി റോഡ്സ് |
| 20. | വയനാട് | സുൽത്താൻ ബത്തേരി ബൈപ്പാസ് (എൻ.എച്ച് 212) 5 കി.മീ. | വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭ്യമല്ല | പി.ഡബ്ല്യു.ഡി എൻ.എച്ച് |

## അനുബന്ധം II

1. പ്രാവച്ചമ്പലം - വഴിമുക്ക് (6.5 കി വരിപ്പാത), കരമന - കളിയിക്കാവിള റോഡ് വികസനം
2. ഹിൽ ഹൈവേ (ചെറുപുഴ – പയ്യാവൂർ - ഉളിക്കൽ - വള്ളിത്തോട്) (59,415 k.m)
3. ഹിൽ ഹൈവേ (നന്ദാരപടവ് - ചെറുപുഴ - 33 k.m)
4. നാട്ടുകാണി - വഴിക്കടവ് - നിലമ്പൂർ - എടവണ്ണ - മഞ്ചേരി - മലപ്പുറം - വേങ്ങര- തിരൂരങ്ങാടി - പരപ്പനങ്ങാടി (90 k.m)
5. വലിയ അഴീക്കൽ പാലം നിർമ്മാണം (കായംകുളം തടാകം കുറുകെ ബന്ധിപ്പിക്കുന്ന കൊല്ലം & ആലപ്പുഴ ജില്ലകളിൽ
6. കോടിമാത - മണർക്കാട് ബൈപ്പാസ് - 1st ഘട്ടത്തിൽ
7. വൈറ്റില മേൽപ്പാലം
8. കുണ്ടന്നൂർ മേൽപ്പാലം
9. തോണ്ടയാട് മേൽപ്പാലം
10. രാമനാട്ടുകര മേൽപ്പാലം

Deputy S.O

## അനുബന്ധം III

"Finance agrees to issue Administrative Sanction for the construction of Thondayad Flyover Phase 1 alone amounting to Rs.59 crore subject to the following conditions.

1. The essentiality of the proposed flyover shall be ascertained by KRFB
2. AS the DPR submitted by NH is not comprehensive in nature, KRFB shall get the DPR vetted through approved / reputed agencies including exploring various design alternatives before arriving at cost effective design
3. The possibility of reducing land spans wherever the underneath space cannot be earmarked for parking purpose, shall be explored.
4. The possibility of executing the work on DBT mode shall be explored by KRFB/PWD
5. The actual conveyance of materials adopted in the estimate is not admissible and the provisions in the estimate shall be prepared in compliance with PRICE software
6. The approved DPR with all corrections / modifications shall be communicated to the Chief Technical Examiner before issuing TS"

രാമനാട്ടുകര ഫ്ലൈഓവർ നിർമ്മാണത്തിന് 85 കോടി രൂപയുള്ള ഭരണാനുമതി നൽകുന്നതിന് ധനകാര്യ വകുപ്പ് സമ്മതം നൽകിയതും മേൽ പറഞ്ഞിരിക്കുന്ന 1 മുതൽ 6 വരെയുള്ള നിബന്ധനകൾക്ക് വിധേയമായിട്ടാണ്.

Deputy [illegible]

80